<u>നാളികേരത്തിന്റെയും കൊപ്രയുടേയും വിലയിടിവ്</u>

6155 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എളമരം കരീം
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെയും കൊപ്രയുടേയും വിലയിടിവ് 30 ലക്ഷത്തോളം വരുന്ന കേരളത്തിലെ കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാരിനുണ്ടോ;

(സി) കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കാൻ വല്ല ശ്രമവും നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പഞ്ചായത്ത് രാജ് ,നഗരപാലികാ നിയമവും</u>
<u>കാര്‍ഷിക മേഖലയും</u>

6156 ശ്രീ. പി. ബി. അബ്ദുള്‍ റസാക്
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, സി. മോയിന്‍ കുട്ടി
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് രാജ് നഗരപാലിക നിയമം വന്നശേഷം പല കാര്‍ഷിക, മൃഗസംരക്ഷണ പദ്ധതികളുടെയും നടത്തിപ്പ് അവയ്ക്ക് കൈമാറിയതിനെത്തുടര്‍ന്ന് ബന്ധപ്പെട്ട മേഖലകളില്‍ ഉണ്ടായ മാറ്റങ്ങള്‍ കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ അതു സംബന്ധിച്ച കണ്ടെത്തലുകള്‍ വിശദമാക്കുമോ;

(സി) ഇതുമൂലം കൃഷി വകുപ്പിന്റെ പദ്ധതികളുടെ നടത്തിപ്പില്‍ മാന്ദ്യം ഉണ്ടായിട്ടുണ്ടോ;

(ഡി) പദ്ധതി ആസൂത്രണത്തിലും പദ്ധതി തുകയുടെ വിനിയോഗത്തിലും, പ്രതീക്ഷിത നേട്ടങ്ങളിലും ഏതെങ്കിലും തരത്തിലുളള വിപരീത ഫലം ഉളളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അതു പരിഹരിക്കുന്നതിനുളള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

സീഡ് അതോറിറ്റിയുടെ പ്രവർത്തനം

6157

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സീഡ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അതോറിറ്റി സ്വകാര്യ നഴ്സറികൾക്ക് അംഗീകാരം നൽകിത്തുടങ്ങിയോ; എത്ര നഴ്സറികൾക്കാണ് അതോറിറ്റി നിലവിൽ അംഗീകാരം നല്കിയിട്ടുളളത്;

(സി) കാർഷിക സർവ്വകലാശാലയിൽ നടീൽ വസ്തുക്കളുടെ ഉല്പാദനം ഉയർത്തുവാൻ വേണ്ടി പ്രവർത്തിച്ച് വരുന്ന നെറ്റ് വർക്ക് കേന്ദ്രം ശക്തിപ്പെടുത്തുന്നതിനായി പദ്ധതിയിനത്തിൽ 2011-12 ൽ എന്ത് തുക വകയിരുത്തിയിരുന്നു; അതിൽ എന്ത് തുക സർവ്വകലാശാലയ്ക്ക് കൈമാറി;

(ഡി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ സീഡ് അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കിയത്?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

ലോകവ്യാപാര സംഘടനയുടെ ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ സർട്ടിഫിക്കറ്റ്

6158 ശ്രീ. എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകവ്യാപാര സംഘടനയുടെ ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുളള സംസ്ഥാനത്തെ കാർഷിക വിളകൾ ഏതെല്ലാമാണ്;

(ബി) ഈ കാർഷികവിളകളുടെ കൃഷി പരിപോഷണത്തിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) ഇത്തരം വിളകളുടെ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനം നല്കുന്നതിനായി ഈ വിളകൾക്ക്, പ്രത്യേകിച്ച് ഔഷധഗുണമേറെയുളള അരിയുടെ വിപണി, വിദേശങ്ങളിലും വ്യാപിപ്പിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ ഡേറ്റാ ബാങ്ക്</u>

6159 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഡാറ്റാ ബാങ്ക് രൂപീകരണം ഏതു ഘട്ടത്തിലാണ്;

(ബി) 2005 ന് മുൻപ് നികത്തിയ നിലങ്ങളുടെ കണക്കെടുപ്പിന് ചുമതലപ്പെടുത്തിയിരുന്നത് ആരെയാണ്;

(സി) പ്രസ്തുത കണക്കെടുപ്പ് പൂർത്തിയായോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) ജില്ലയിൽ ഡാറ്റാ ബാങ്ക് അന്തിമമായി രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ മുണ്ടേരി നീർത്തട പദ്ധതി</u>

6160 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മുണ്ടേരി നീർത്തട പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മേപ്പാടി വിഭാഗത്തിന്റെയും കൽപ്പറ്റ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾക്കായി നീക്കിവച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പോളച്ചിറ ഏല അടിസ്ഥാന വികസന പദ്ധതി

6161 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പോളച്ചിറ ഏല അടിസ്ഥാന വികസന പദ്ധതിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചതെന്നും, എത്ര രൂപയ്ക്കാണ് ഭരണാനുമതി നൽകിയതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത അടിസ്ഥാന സൗകര്യ വികസനം ആരംഭിക്കുന്നതിലേക്ക് ഔദ്യോഗിക തലത്തിൽ കാലതാമസവും, തടസ്സവും നിലവിലുണ്ടോ;

(ഡി) ഇല്ലായെങ്കിൽ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

## ഫാം തൊഴലാളികളുടെ സേവനവേതന വ്യവസ്ഥകൾ

6162 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയോഗിച്ചിരുന്നുവോ; എങ്കിൽ എന്നാണ് നിയോഗിച്ചത്;

(ബി) ഈ സമിതി, റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്;

(സി) റിപ്പോർട്ടിൽ എന്തെല്ലാം ശുപാർശകളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇവയിൽ ഏതെല്ലാം ശുപാർശകൾ ഇതിനകം നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിനായി എന്ത് സാമ്പത്തിക ബാധ്യതയുണ്ടായെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റിന്റെ തസ്തിക</u>

6163 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ കൃഷി അസിസ്റ്റന്റുമാരുടെ ഹയർ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ് എന്നിങ്ങനെ തരം തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം ലഭ്യമാക്കുമോ;

(ബി) സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റിന്റെ തസ്തിക അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ എന്ന് പുനർ നാമകരണം ചെയ്യണമെന്നുള്ള ശമ്പള കമ്മീഷന്റെ ശുപാർശ നടപ്പിലാക്കിയോ; ഇല്ലെങ്കിൽ ഇതിന് നിലവിൽ എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കരിക്ക് ഉൽപാദനം</u>

6164 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരിക്ക് ഉൽപാദന മേഖലയിലെ കർഷകരെ സാമ്പത്തികമായി സഹായിക്കാൻ പ്രത്യേക പരിപാടികൾ ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ</u>

6165 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ ധാരാളം ഒഴിവുകൾ നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പി.എസ്.സി. നിയമനം വൈകുന്ന സാഹചര്യത്തിൽ നിശ്ചിത യോഗ്യതയുള്ളവരെ എംപ്ലോയ്മെന്റിൽ നിന്നും നിയമിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കാലിത്തീറ്റ ഉല്പാദനവും വിപണനവും</u>

6166 ശ്രീ. പി. ഉബൈദുള്ള
,, കെ.എം. ഷാജി
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ വിപണനത്തില്‍ അന്യസംസ്ഥാന ഉല്‍പന്നലോബിയുടെ കടന്നുകയറ്റം തടയാനും, ഗുണമേന്‍മയും വിലക്കുറവുമുള്ള കാലിത്തീറ്റ കര്‍ഷകര്‍ക്ക് ലഭ്യമാക്കാനും ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന പദ്ധതികള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കാലിത്തീറ്റ ഉല്‍പാദനത്തിന് കേരള ഫീഡ്സ് ലിമിറ്റഡ് ഇപ്പോള്‍ ഉപയോഗപ്പെടുത്തുന്ന തദ്ദേശീയ വിഭവങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തില്‍ അന്യസംസ്ഥാനങ്ങളോടുള്ള ആശ്രയത്വം എത്രത്തോളമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വെറ്ററിനറി ആൻറ് അനിമൽ സയൻസസ് സർവ്വകലാശാല

6167 ശ്രീ. സാജു പോൾ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി ആൻറ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ സ്ഥാപനം, ഗവേഷണം., വിദ്യാഭ്യാസം, പശ്ചാത്തല സൗകര്യങ്ങളുടെ വികസനം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 2011-12 ൽ ആകെ വകയിരുത്തിയിരുന്നത് എന്ത് തുകയായിരുന്നു; ഇതിൽ എന്തു തുക ചെലവഴിച്ചു;

(ബി) സർവ്വകലാശാലയുടെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും ഏത് ഘട്ടത്തിൽ എത്തി എന്നറിയിക്കാമോ;

(സി) അനുവദിക്കപ്പെട്ട ഫണ്ടുകൾ നിശ്ചിത കാലയളവിനുളളിൽ ചെലവഴിക്കപ്പെടാത്തതുകൊണ്ട് എത്ര തുക പദ്ധതിയിനത്തിൽ സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മൃഗസംരക്ഷണ മേഖലയിലെ നൂതന ആശയങ്ങൾ ഉൾക്കൊളളുന്നതിനായി വിദേശ സർവ്വകലാശാലകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

സ്പെഷ്യാലിറ്റി മൃഗാശുപത്രികൾ

6168 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സ്പെഷ്യാലിറ്റി മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം സ്പെഷ്യാലിറ്റി മൃഗാശുപത്രികൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പതിമൂന്നാം ധനകമ്മീഷൻ</u>

6169 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകമ്മീഷന്റെ അവാർഡായി മൃഗസംരക്ഷണ മേഖലയ്ക്ക് 2011-12-ൽ എന്ത് തുക പദ്ധതിയിൽ വകയിരുത്തിയിരുന്നു ;

(ബി) ഈ തുകയ്ക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ബന്ധപ്പെട്ടവരുടെ അംഗീകാരം എന്നാണ് ലഭിച്ചത്;

(സി) എന്തെല്ലാം പദ്ധതികളാണ് ഈയിനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയത് എന്നറിയിക്കാമോ ;

(ഡി) പതിമൂന്നാം ധനകമ്മീഷന്റെ അവാർഡായി ലഭിച്ച തുകയിൽ എന്തു തുക 2012 മാർച്ച് 31-നകം ചെലവഴിച്ചുവെന്നറിയിക്കാമോ ?

## കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വടകര പശുവിനെ സംരക്ഷിക്കാനാവശ്യമായ നടപടി

6170 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വടകര പശുവിനെ സംരക്ഷിക്കാനും പ്രജനനം നടത്തി എണ്ണം വർദ്ധിപ്പിക്കുവാനും സന്നദ്ധമാവുന്ന സാമൂഹ്യ സംഘടനകൾക്ക് ഏതെല്ലാം രൂപത്തിൽ സർക്കാർ സഹായിക്കാൻ തയ്യാറാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വെച്ചൂർ പശു സംരക്ഷണ പദ്ധതി</u>

6171 ശ്രീ. കെ. സുരേഷ്കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെച്ചൂർ പശു സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഈ പദ്ധതിലൂടെ എന്തൊക്കെ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിച്ചിരുന്നത് ; കൈവരിച്ച ലക്ഷ്യങ്ങളെ സംബന്ധിച്ച് വിവരിക്കാമോ ;

(സി) ഈ പദ്ധതിയ്ക്കായി എന്തു തുക നീക്കിവച്ചിരുന്നു; അതിൽ എന്ത് ചെലവഴിച്ചു ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>ആടുവളർത്തൽ</u>

6172 ശ്രീ. കെ. എൻ. എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആടുവളർത്തൽ കർഷകരും തൊഴിൽരഹിത വീട്ടമ്മമാരും ഒരു ഉപതൊഴിലായി ഏറ്റെടുക്കുന്നതിന് പ്രോത്സാഹനം നൽകാനായി മൃഗസംരക്ഷണവകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകുമോ;

(ബി) കേരളത്തിന് അനുയോജ്യവും, ലാഭകരമായി വളർത്താനാവുന്നതുമായ ഇനങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വ്യാപനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(സി) അത്യുൽപാദനശേഷിയും, അനുയോജ്യമായ ഇനങ്ങളെ മൃഗസംരക്ഷണ വകുപ്പു ഫാമുകൾ മുഖേന സൗജന്യമായോ, നാമമാത്രമായോ വിലയ്ക്കോ യഥാർത്ഥ കർഷകർക്ക് നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ഡി) ഗ്രാമീണ സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട പെൺകുട്ടികൾക്ക് രണ്ട് ആട്ടിൻകുട്ടികളെ വീതം സൗജന്യമായി നൽകി കുട്ടികളിൽ ആടുവളർത്തൽ ശീലം ഉണ്ടാക്കിയെടുക്കാൻ പദ്ധതി തയ്യാറാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലാ കാർഷിക മ്യൂസിയം</u>

6173 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന പഴയ കെട്ടിടത്തിൽ കാർഷിക മ്യൂസിയം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ്

6174 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിന് 2011-12-ൽ പദ്ധതിയിനത്തിൽ എന്തു തുക വകയിരുത്തിയിരുന്നു ; അതിൽ എന്തു തുക ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറി ; എന്ത് തുക ഇൻസ്റ്റിറ്റ്യൂട്ട് ചെലവഴിച്ചു ;

(ബി) ഇക്കാലയളവിൽ ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്ര ഫണ്ട് ലഭിച്ചിരുന്നുവോ ; വിശദാംശങ്ങൾ നൽകാമോ ; അതിൽ എന്ത് ചെലവഴിച്ചു ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2011-12-ലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദ വിവരങ്ങൾ നൽകാമോ ;

(ഡി) ഇൻസ്റ്റിറ്റ്യൂട്ട് ഉത്പാദിപ്പിക്കുന്ന പ്രതിരോധ വാക്സിനുകൾക്ക് ജി.എം.പി./ജി.എൽ.പി. സർട്ടിഫക്കറ്റുകൾ ലഭ്യമാക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞുവോ ; ഇല്ലെങ്കിൽ ആയതിന്റെ നടപടി ക്രമം എവിടെയെത്തിനിൽക്കുന്നുവെന്നറിയിക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

മൃഗസംരക്ഷണ മേഖലയിൽ ഉൽപ്പാദനവും വികസനവും

6175 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ മേഖലയിൽ ഉൽപ്പാദനവും വികസനവും ലക്ഷ്യമാക്കുന്നതിന് ഏതെങ്കിലും കമ്മിറ്റി റിപ്പോർട്ട് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അവ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>മൃഗാശുപത്രികളുടെ നവീകരണം</u>

6176 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗാശുപത്രികൾ നവീകരിക്കാൻ മൃഗസംരക്ഷണവകുപ്പ് ഏതെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്തുന്നത് ;

(ബി) ഇതിനായി പരമാവധി എത്ര രൂപവരെ നൽകാറുണ്ട് ;

(സി) മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിക്കാൻ മൃഗസംരക്ഷണവകുപ്പ് ഭരണാനുമതി നൽകാറുണ്ടോ ; എങ്കിൽ മൃഗസംരക്ഷണ വകുപ്പ് ഇതിനായി പരമാവധി എത്ര രൂപ വരെ അനുമതി നൽകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>രോഗം ബാധിച്ച മൃഗങ്ങളുടെ ഇറക്കുമതി</u>

6177 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗം ബാധിച്ച മൃഗങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത് തടയാൻ അതിർത്തി ചെക്ക്പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) രോഗം ബാധിച്ച മൃഗങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നുണ്ടെന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതിർത്തിയിലെ ചെക്ക്പോസ്റ്റുകളിലെ പരിശോധനയ്ക്ക് പുറമേ അറവുശാലകളിൽ മൃഗസംരക്ഷണ വകുപ്പ് പരിശോധന നടത്താറുണ്ടോ ;

(ഡി) വകുപ്പ് നടത്തിയ പരിശോധനകളിൽ രോഗം ബാധിച്ച മൃഗങ്ങളെ കണ്ടെത്തിയ അവസരങ്ങളുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

കെപ്കോ 'നഗരപ്രിയ' പദ്ധതി

6178 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെപ്കോ 'നഗരപ്രിയ' പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം നഗരത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) എത്ര തുകയാണ് ഈ പദ്ധതി നടപ്പാക്കാനായി നീക്കിവച്ചിരിക്കുന്നത്;

(സി) എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കാനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും എന്തെല്ലാം സാമഗ്രികളാണ് നൽകിവരുന്നതെന്നറിയിക്കാമോ;

(ഇ) ഓരോ ഗുണഭോക്താവും എന്തു തുക കെപ്കോയ്ക്ക് നൽകണമെന്നറിയിക്കാമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

''കോഴിവളര്‍ത്തല്‍ ഗ്രാമങ്ങളില്‍'' പദ്ധതി

6179 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സംസ്ഥാന പൗള്‍ട്രി ഡെവലപ്മെന്റ് കോര്‍പ്പറേഷന്‍ മുഖേന ''കോഴിവളര്‍ത്തല്‍ ഗ്രാമങ്ങളില്‍'' എന്ന പദ്ധതിയ്ക്കായി എത്ര തുകയാണ് നീക്കിവച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു നിയോജക മണ്ഡലത്തില്‍ ഒരു ഗ്രാമപഞ്ചായത്തില്‍ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മട്ടന്നൂര്‍ നിയോജക മണ്ഡലത്തിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തില്‍ പദ്ധതി നടപ്പിലാക്കണമെന്ന എം.എല്‍.എ.യുടെ നിര്‍ദ്ദേശം എന്നാണ് മന്ത്രിക്ക് ലഭിച്ചത്;

(സി) മന്ത്രിയുടെ നിര്‍ദ്ദേശപ്രകാരം പൗള്‍ട്രി ഡെവലപ്മെന്റ് കോര്‍പ്പറേഷന്‍ അധികൃതര്‍ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് വകുപ്പുതല സിറ്റിംഗ് നടത്തി ഗുണഭോക്താക്കളെ കണ്ടുപിടിക്കുകയുണ്ടായോ; എന്നാണ് ഇതു സംബന്ധിച്ച് സിറ്റിംഗ് നടന്നത്; എത്ര ഗുണഭോക്താക്കള്‍ക്ക് ടോക്കണ്‍ നല്‍കിയിട്ടുണ്ട്;

(ഡി) ഗുണഭോക്താക്കള്‍ക്കു ടോക്കണ്‍ നല്‍കുകയും ഉദ്ഘാടനത്തിന് എം.എല്‍.എ. സമ്മതം അറിയിച്ചിട്ടും കോഴിക്കുഞ്ഞും തീറ്റയും വിതരണം ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കോഴിവളർത്തൽ ഗ്രാമങ്ങൾ</u>

6180

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "കോഴിവളർത്തൽ ഗ്രാമങ്ങൾ" പദ്ധതി എത്ര പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ എത്ര പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്;

(സി) പദ്ധതി നടപ്പിലാക്കാത്ത മറ്റു പഞ്ചായത്തുകളിൽ അവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

വിവിധ പദ്ധതികളിലായി വിതരണം ചെയ്ത കോഴികൾ

6181 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പദ്ധതികളിലായി വിതരണം ചെയ്ത കോഴികൾ കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ ഫാമിൽ വളർത്തിയെടുക്കുന്ന പൂർണ്ണ ആരോഗ്യമുളള വാക്സിനേഷൻ കഴിഞ്ഞ കോഴികുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യേണ്ടത് എന്ന് നിർബന്ധമുണ്ടോ;

ബി) അന്യസംസ്ഥാനത്ത് നിന്ന് വാങ്ങി എത്ര കോഴികൾ കെപ്കോ വഴി ഇതുവരെയായി വിതരണം നടത്തിയിട്ടുണ്ട്;

(സി) കോഴികളെ അന്യസംസ്ഥാനത്ത് നിന്ന് വാങ്ങുമ്പോൾ ഓപ്പൺ ടെണ്ടർ വിളച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കോഴികളെ നൽകിയ സ്വകാര്യ സ്ഥാപനത്തിന്റെ പേരും വിവരങ്ങളും ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

## ഇന്റഗ്രേറ്റഡ് പൗൾട്രി പ്രൊഡക്ഷൻ പ്രോഗ്രാമിന്റെ സ്കൂൾ ക്ലബ്ബുകൾ

6182 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ ഇന്റഗ്രേറ്റഡ് പൗൾട്രി പ്രൊഡക്ഷൻ പ്രോഗ്രാമിന്റെ കീഴിൽ സ്കൂൾ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുന്നതിനായി എന്ത് തുക നീക്കിവച്ചിരുന്നു; എന്ത് തുക നാളിതുവരെ ചെലവഴിച്ചു;

(ബി) കെപ്കോയുടെ നേതൃത്വത്തിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കിയത് എന്നറിയിക്കുമോ;

(സി) ഈ പദ്ധതിയിൻപ്രകാരം ഓരോ സ്കൂളിനും കെപ്കോ എന്തെല്ലാം സാമഗ്രികളാണ് നൽകുന്നത്;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്കൂളുകൾ തെരഞ്ഞെടുത്തത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലെന്നറിയിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

മാവേലിക്കരയിൽ കെപ്കോയുടെ റീട്ടെയിൽ ഷോപ്പ്

6183 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ കെപ്കോയുടെ റീട്ടെയിൽ ഷോപ്പ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനുവേണ്ടി എന്തൊക്കെ അനുബന്ധ സംവിധാനങ്ങൾ വേണ്ടതുണ്ട്;

(ബി) ഓരോ പഞ്ചായത്തുകളുടെ മണ്ണിന്റെ ഘടന അനുസരിച്ച് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും അതാത് പഞ്ചായത്തുകൾക്ക് അനുയോജ്യമായ ഫലവൃക്ഷകൃഷി നടപ്പാക്കുമോ; ഇതിനായി എന്തെങ്കിലും പദ്ധതികളോ നിർദ്ദേശങ്ങളോ സർക്കാരിന്റെ കൈവശമിപ്പോൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>മുട്ട, പാൽ, പച്ചക്കറി, മാംസം എന്നിവയുടെ ഉല്പാദനം</u>

6184 ശ്രീ. മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുട്ട, പാൽ, പച്ചക്കറി, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിൽ ജോലി ചെയ്യുന്ന കൃഷിക്കാർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ യുവകർഷകരെ ആകർഷിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>പാല്‍, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം</u>

6185 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാല്‍, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് എന്ത് നടപടികളാണ് ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നടപ്പിലാക്കിയത്;

(ബി) എത്ര മാത്രം വര്‍ദ്ധനവാണ് ഇതിലൂടെ നേടാനായി;

(സി) ഈയിനത്തില്‍ എത്ര രൂപാ ചിലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>മുട്ട - മാംസം എന്നിവയുടെ ഉപഭോഗം</u>

6186 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, വി. ശശി
,, ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുട്ട-മാംസം എന്നിവയുടെ പ്രതിദിന ഉപഭോഗം എത്ര വീതമാണ്; ഇതിൽ സംസ്ഥാനത്ത് പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന മുട്ട-മാംസം എന്നിവയുടെ അളവ് എത്ര;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് സംസ്ഥാനത്തേയ്ക്കാവശ്യമായ പാലും മുട്ടയും മാംസവും എത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി തുടർന്നു വന്ന പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; പുതിയ എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

കന്നുകുട്ടി പരിപാലന പരിപാടി

6187 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക കന്നുകൂട്ടി പരിപാലന പരിപാടി സംസ്ഥാനത്ത് നടപ്പാക്കാൻ ആരംഭിച്ചത് ഏത് വർഷമാണ് ;

(ബി) ഈ പദ്ധതിയിൻ പ്രകാരം 2011-12 എന്ത് തുകയാണ് പദ്ധതി വിഹിതമായി വകയിരുത്തിയിരുന്നത് ; ഇതിൽ എന്തു തുക ഖജനാവിൽ നിന്നും ചെലവഴിച്ചു എന്നറിയിക്കുമോ ;

(സി) 2011-12 ൽ ഈ പദ്ധതി അനുസരിച്ച് മൃഗസംരക്ഷണ വകുപ്പ് കൈവരിക്കാൻ ഉദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമയിരുന്നു; എന്ത് ലക്ഷ്യം വകുപ്പ് കൈവരിച്ചു?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ബദിയഡുക്ക കന്നുകാലി ഫാം</u>

6188 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ബദിയടുക്കയിൽ തനത് കന്നുകാലികളുടെ വംശവർദ്ധന ലക്ഷ്യമിട്ട് തുടങ്ങുന്ന ഫാമിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഏതൊക്കെ ഇനത്തിൽപ്പെട്ട ജനുസ്സുകളെയാണ് ഉൽപാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) തനത് കന്നുകാലികളുടെ ബീജം ഉൽപാദിപ്പിച്ച് കൃത്രിമ ബീജദാനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ഇൻഡോ-സ്വിസ് പ്രോജക്ടിന്റെ പ്രവർത്തനം

6189 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.എം.എം. ബോർഡിന്റെ മാട്ടുപ്പെട്ടിയിലുള്ള ഇൻഡോ-സ്വിസ് പ്രോജക്ടിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; സ്ഥാപനത്തിന്റെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ഥാപനം നിലനിർത്തുന്നതിനായി സ്വകാര്യ മേഖലയുടെ പങ്കാളിത്തമോ മറ്റു സർക്കാർ വകുപ്പുകളുടെ പങ്കാളിത്തമോ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ സ്ഥാപനം നിലനിർത്തി രക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി 'ഹൈടെക്' കാലിത്തീറ്റ ഫാക്ടറി</u>

6190 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് ആവശ്യത്തിന് കമ്പോളത്തിൽ കാലിത്തീറ്റ ലഭ്യമല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കരുനാഗപ്പള്ളി ഹൈടെക് കാലിത്തീറ്റ ഫാക്ടറിയുടെ പ്രവർത്തനം പൂർണ്ണതോതിലാണോ ;

(ഡി) പ്രസ്തുത ഫാക്ടറിയുടെ പൂർണ്ണശേഷി എത്ര ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>നിയമസഭാ സാമാജികർക്ക് സ്റ്റേഷനറി വസ്തുക്കൾ</u>

6191 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സ്റ്റേഷനറി വകുപ്പുമുഖേന നിയമസഭാ സാമാജികർക്ക് ലഭ്യമാക്കുന്ന സ്റ്റേഷനറി വസ്തുക്കൾ നേരിട്ട് ലെജിസ്ലേച്ചേഴ്സ് ഹോസ്റ്റലിൽ ഓരോ സാമാജികനും ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള അടിയന്തിര നടപടി സർക്കാർ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ജില്ലാ കേന്ദ്രങ്ങളിൽ ഗവൺമെന്റ് പ്രസ്സുകൾ</u>

6192 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഗവൺമെന്റ് പ്രസ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള ഗവൺമെന്റ് പ്രസ്സുകളിൽ ആധുനിക മെഷീനുകൾ സ്ഥാപിക്കുകയും ജീവനക്കാർക്ക് ആവശ്യമായ ആധുനിക സൗകര്യങ്ങൾ നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഗസറ്റുകള്‍ തപാല്‍ മുഖേന വിതരണം</u>

6193

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഗസറ്റുകള്‍ തപാല്‍ മുഖേന വിതരണം ചെയ്യുന്നത് നിലച്ചിട്ട് എത്ര കാലയളവായി; എന്താണിതിനു കാരണം;

(ബി) ഗസറ്റുകള്‍ യഥാസമയം ലഭിക്കാത്തതിനാല്‍ സാധാരണക്കാരും സര്‍ക്കാര്‍ ഓഫീസ് അധികാരികളും നേരിടുന്ന ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) സര്‍ക്കാര്‍ ഗസറ്റുകള്‍ തപാല്‍ മുഖാന്തിരം വിതരണം പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കും?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ഗസറ്റുകൾ പ്രധാന ഓഫീസുകളിൽ ലഭ്യമാക്കണമെന്ന ആവശ്യം

6194 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗസറ്റുകൾ താലൂക്ക് ഓഫീസുകൾ പോലെയുള്ള പ്രധാന ഓഫീസുകളിലേയ്ക്ക് അയക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം അവകാശ സർട്ടിഫിക്കറ്റ്പോലുള്ള ഏറെ പ്രധാനപ്പെട്ട സർട്ടിഫിക്കറ്റുകൾ കക്ഷികൾക്ക് കാലവിളംബമില്ലാതെ കിട്ടുന്നതിന് സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗസറ്റുകൾ യഥാസമയം ലഭിക്കാത്തതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് പറയാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ഗസറ്റ് തപാലിൽ വിതരണം ചെയ്യുന്നത് നിർത്തിയത് പരിഹരിക്കാൻ നടപടി

6195 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗസറ്റിന്റെയും അസാധാരണ ഗസറ്റിന്റെയും വിതരണം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗസറ്റ് തപാലിൽ വിതരണം ചെയ്യുന്നത് നിർത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് ഉത്തരവുകളോ കത്തുകളോ ഇറക്കിയിട്ടുണ്ടോ;

(ഡി) ഇതുമൂലം പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ സർക്കാർ ഗസറ്റ് വീണ്ടും തപാൽ വഴി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വ്യാജ സർട്ടിഫിക്കറ്റ്

6196 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ബൈന്റിംഗ് സെക്ഷനിൽ ജൂനിയർ ഫോർമാനായ കെ. മോഹനൻ എസ്.എസ്.എൽ.സി ബുക്ക് ബയന്റിംഗ് (ഹയർ) എന്നീ പരീക്ഷകളുടെ വ്യാജസർട്ടിഫിക്കറ്റ് നിർമ്മിച്ച് ഹാജരാക്കി സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തി പ്രൊമോഷൻ നേടിയതായി ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതി സംബന്ധിച്ചുള്ള വിശദാംശങ്ങളും പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികളെകുറിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>തസ്തികകളുടെ നവീകരണം</u>

6197 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പിലെ പായ്ക്കർ, സ്റ്റോർ അസിസ്റ്റന്റ്, സ്റ്റോർ അറ്റന്റർ തസ്തികകൾക്ക് പുതിയ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം ഒരേ ശമ്പള നിരക്കാണോ നൽകിയിട്ടുള്ളത്;

(ബി) മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് 8 വർഷത്തെ ഗ്രേഡ് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നിയമാനുസൃതം ഗ്രേഡ് നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) 'പായ്ക്കർ' തസ്തികയ്ക്ക് 8 വർഷത്തെ അർഹതപ്പെട്ട ഗ്രേഡ് ഇപ്പോഴും നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച് ജീവനക്കാരുടെ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മേൽ പറഞ്ഞിട്ടുള്ള തസ്തികൾ ഏകീകരിച്ച് സ്റ്റോർ അസിസ്റ്റന്റ് എന്ന് മാറ്റുവാൻ നടപടി സ്വീകരിക്കുമോ ?